പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2661

06.02.2018-ൽ മറുപടിയ്ക്ക്

## ചെറുകിട ആവശ്യങ്ങൾക്കായി തേക്കിൻ തടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ,വി.ആർ.സുനിൽ കുമാർ<br>ശ്രീമതി. സി.കെ.ആശ | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട ആവശ്യങ്ങൾക്കായി തേക്കിൻ തടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അപ്രകാരം സാധാരണക്കാരന് നേരിട്ട് തേക്കിൻ തടി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ; | (എ) ചെറുകിട ആവശ്യങ്ങൾക്കായി തേക്ക് തടി ലഭ്യമാക്കുന്നതിന് ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നടപടിക്രമം അനുസരിച്ച് സാധാരണക്കാർക്ക് സ്വന്തം ആവശ്യത്തിനായി 8 ക്യൂബിക് മീറ്റർ വരെ തേക്ക് തടികളോ, ഒരുലോട്ട് തേക്ക് കഴകളോ ഇ-ലേലത്തിൽ പങ്കെടുത്ത് നേരിട്ട് വാങ്ങാൻ സാധിക്കുന്നതാണ്. ഇതു കൂടാതെ 5 ക്യൂബിക് മീറ്റർ തേക്ക് തടി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് ലഭ്യതയ്ക്കനുസരിച്ച്, നടപടിക്രമങ്ങൾക്ക് വിധേയമായി ചില്ലറ വിൽപ്പനയിലൂടെ വാങ്ങാനും സാധിക്കും. ഇതിന്റെ നടപടിക്രമങ്ങളും, വ്യവസ്ഥകളും സംബന്ധിച്ച സർക്കാർ ഉത്തരവുകളും ഗസറ്റ് വിജ്ഞാപനവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) കുറഞ്ഞ തോതിൽ ചന്ദനത്തടി ആവശ്യമുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാതെ അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;<br>(സി) തടി ഡിപ്പോകൾ മുഖേന ഇത്തരത്തിൽ ചന്ദനത്തടി വില്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. കുളത്തൂപ്പുഴ, കോന്നി, വീട്ടൂർ, ചാലിയം, കണ്ണോത്ത്, പരപ്പ എന്നീ സർക്കാർ തടി ഡിപ്പോകളെ ചന്ദനത്തിന്റെ ചില്ലറ വിൽപ്പനയ്ക്കുള്ള അംഗീകൃത ഏജൻസിയായി അധികാരപ്പെടുത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. |

VBeena

സെക്ഷൻ ഓഫീസർ

വനം വകുപ്പ്

FOREST DEPARTMENT

[illegible]

വിജ്ഞാപനം

നമ്പർ എഫ്.പി.(4)-29243/2013 2014 ഒക്ടോബർ 17

കേരള ഗസറ്റ്, വാല്യം III, നമ്പർ 36 തീയതി 2014 സെപ്റ്റംബർ 16 പേജ് 479 മുതൽ 489 പ്രകാരം കേരള വനം വകുപ്പിലെ തടിയും മറ്റ് വിഭവങ്ങളും ഇ-ലേലം വഴി വിറ്റഴിക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥകളും ഉപാധികളും (STC) വിജ്ഞാപനം ചെയ്തിരുന്നു. മേൽ വ്യവസ്ഥകൾ ഭേദഗതി ചെയ്തത് ഇതിനോടൊപ്പം വിജ്ഞാപനം ചെയ്യുന്നുണ്ട്. മേൽ വ്യവസ്ഥകളുടെ (STC) പൂർണ്ണരൂപം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

**കേരള വനംവകുപ്പിന് കീഴിൽ ഇ-ലേലം വഴിയുള്ള തടിയുടെയും മറ്റ് വനവിഭവങ്ങളുടെയും വില്പനയുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകളും ഉപാധികളും**

1. കേരള വനം വകുപ്പിനുകീഴിലുള്ള തടി, മറ്റ് വനവിഭവങ്ങൾക്കായി നടക്കുന്ന ഇ-ലേലം പൊതുവായും (GTC) ഉപഭോക്ത സംബന്ധിയായും (BSTC) പ്രത്യേകമായുമുള്ള (STC) നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിട്ടായിരിക്കും. ഇങ്ങനെ നിശ്ചയിച്ചിട്ടുള്ള ത്രിവിധ വ്യവസ്ഥകൾ തമ്മിൽ എന്തെങ്കിലും പൊരുത്തക്കേടോ തർക്കമോ ഉണ്ടായാൽ പ്രത്യേകമായുള്ള (STC) നിബന്ധനകൾ മറ്റു നിബന്ധനകളെ അതിലംഘിക്കുന്നതായിരിക്കും. ടി വ്യവസ്ഥകളും ഉപാധികളും ലേല ദിവസം വെളിപ്പെടുന്ന വനവിഭവങ്ങളുടെ പട്ടികയും അന്തിമവും അത് അംഗീകരിക്കാൻ ലേലക്കാർ ബാദ്ധ്യസ്ഥരുമാണ്.

2. ലേല വസ്തുക്കളുടെ ഉടമസ്ഥനും വില്പനക്കാരനുമായ കേരള വനംവകുപ്പ് പ്രിൻസിപ്പൾ (Principal) എന്നും വനം വകുപ്പിന്റെ വില്പന ഏജന്റായ MSTC ലിമിറ്റഡ് MSTC എന്നും ഇനിമേൽ പരാമർശിക്കപ്പെടും. ഉപഭോക്താവ്, ലേലം കൊള്ളുന്നയാൾ, വിജയിയായ ലേലക്കാരൻ എന്നിവർ 'വിജയിയായ ലേലക്കാരൻ' (Successful bidder) എന്നും പരാമർശിക്കപ്പെടും.

3. <u>ലേല വിളികളുടെ പ്രാബല്യം</u>

   എല്ലാ ലേല വിളികളും ലേല തീയതി മുതൽ ലേലം പൂർത്തിയാകുന്ന തീയതിക്ക് തൊട്ടടുത്ത ദിവസം മുതലുള്ള 7 ദിവസത്തേക്ക് MSTC -യുടെ സ്വീകാര്യതയ്ക്കായി പ്രാബല്യത്തിലായിരിക്കും. ഏതെങ്കിലും കാരണവശാൽ 7-ാമത്തെ ദിവസം പ്രിൻസിപ്പൽ/MSTC-യ്ക്ക് പൊതു അവധിയോ മുടക്കോ ആയാൽ ലേല പ്രാബല്യം തൊട്ടടുത്ത പ്രവർത്തി ദിവസത്തേക്ക് പ്രിൻസിപ്പൽ/MSTC എന്നിവർ സ്വയമേവ ദീർഘിപ്പിക്കുന്നതാണ്.

4. <u>പരിശോധന :</u> എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ വൈകുന്നേരം 5 മണിവരെ അതാതു ഡിപ്പോ ആഫീസർമാരെ മുൻകൂട്ടി അറിയിച്ച് നിർദ്ദിഷ്ട സ്ഥലങ്ങളിൽ വച്ച് ലേലക്കാരനോ, ടിയാന്റെ പ്രതിനിധിക്കോ ലേലവസ്തുക്കൾ പരിശോധിക്കാവുന്നതാണ്. ഇ-ലേലത്തിന് സജ്ജമാക്കിയിട്ടുള്ള ലോട്ടുകളുടെ വിവരങ്ങൾ, അനുബന്ധങ്ങൾ ഉണ്ടെങ്കിൽ അതുൾപ്പെടെ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളിലും ലഭ്യമായിരിക്കും.

5. ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിക്ക് വിളി വില തീരുമാനിക്കുവാൻ സഹായകമാകുവാനാണ് ലേല വസ്തുക്കളുടെ വിവരങ്ങൾ നൽകിയിരിക്കുന്നത്. നിർദ്ദിഷ്ട സ്ഥലത്തുപോയി ലോട്ടുകൾ നേരിട്ട് പരിശോധിച്ചശേഷം മാത്രം വില രേഖപ്പെടുത്തുന്നതായിരിക്കും ഉചിതം. എന്നാൽ അങ്ങനെ ലേല വസ്തുക്കൾ പരിശോധിക്കാതിരിക്കുന്നതുമൂലം വിവരണത്തിലെ അപാകതയോ, അളവിലെ കുറവോ ആരോപിച്ച് ലേലം അസാധുവാക്കുവാനോ എന്തെങ്കിലും നഷ്ടപരിഹാരം അവകാശപ്പെടാനോ ആവില്ല. ഈ വിധം ഇ-ലേലത്തിന്റെ നോട്ടീസിലോ, പരസ്യത്തിലോ ലേല സാമഗ്രികളുടെ വിവരണമോ, വിശദീകരണങ്ങളോ എന്തുതന്നെ ആയിരുന്നാലും ഇ-ലേലം നടക്കുന്നത് 'എവിടെ എങ്ങനെ ആയിരിക്കുന്നുവോ ആ അവസ്ഥയിൽ' (as is where is) എന്നും 'പരാതികൾ സ്വീകാര്യമല്ലാ' എന്നുമുള്ള (no complaints) അടിസ്ഥാന തത്വത്തിലായിരിക്കും. ലേലസ്ഥിരീകരണത്തിനുശേഷം യാതൊരു കാരണവശാലും തെറ്റിദ്ധാരണയോ, വ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞതയോ സംബന്ധിച്ച ഒരു വാദവും അംഗീകരിക്കുന്നതല്ല. വാങ്ങുന്നവൻ ജാഗരൂകനായിരിക്കട്ടെ (CAVEAT EMPTOR) എന്ന തത്വം ബാധകമാകും.

6. ഉപാധികൾക്ക് വിധേയമായ ഒരു വിലപറച്ചിലും അംഗീകരിക്കുന്നതോ, പ്രോത്സാഹിപ്പിക്കുന്നതോ അല്ല.

7. <u>ലോട്ട് തയ്യാറാക്കുന്നവിധം</u> : ഒരേ ഇനത്തിലും തരത്തിലുംപ്പെട്ട നിശ്ചിത ലോട്ടുകളാക്കിയാണ് തടികൾ വില്ക്കപ്പെടുക.

   അത്തരത്തിലുള്ള ഓരോ ലോട്ടും താഴെ വിവരിക്കുന്ന അളവിൽ കൂടാത്ത പ്രകാരമായിരിക്കും ഒരുക്കിയിരിക്കുക.

   (a) തേക്ക്, ഈട്ടി തടികൾ (കയറ്റുമതി തരം) — ഓരോ ലോട്ടിലും ഒരു തടികഷണം വീതം മാത്രം.

   (b) തേക്ക് (മറ്റ് ക്ലാസ്സുകൾ) — ഓരോ ലോട്ടും 4 ക്യു.മീറ്ററിൽ കൂടാൻപാടില്ല.

   (c) ഈട്ടി (മറ്റ് ക്ലാസുകൾ) — ഓരോ ലോട്ടും 4 ക്യു.മീറ്ററിൽ കൂടാൻപാടില്ല.

   (d) മറ്റ് തടികൾ — ഓരോ ലോട്ടും 8 ക്യു.മീറ്ററിൽ കൂടാൻപാടില്ല.

   (e) കഴകൾ, ബില്ലറ്റ്സ്, വിറക് മറ്റ് വനവിഭവങ്ങൾ — സൗകര്യാർത്ഥം.

ചില കേസ്സുകളിൽ ലോട്ടിന്റെ കൂടിയ വലിപ്പം സ്ഥല സാഹചര്യമനുസരിച്ച് വ്യത്യാസപ്പെടുന്നതായിരിക്കും.

ലേലത്തിൽ [illegible] നിരതദ്രവ്യം കെട്ടിവയ്ക്കേണ്ട.

A. തേക്ക്, ഈട്ടി എന്നിവയ്ക്ക് — ₹ 50,000

B. മറ്റു വിഭാഗത്തിൽപ്പെട്ട തടികൾ — ₹ 25,000

C. മറ്റ് വനവിഭവങ്ങൾ — ₹ 5,000.

ഇ-ലേലം നടത്തുന്ന ദിവസത്തിന്റെ തൊട്ടു തലേദിവസം വൈകുന്നേരം 6 മണിക്കുമുൻപായി നിരതദ്രവ്യം അടച്ചിരിക്കണം ഈ തുക MSTC-യ്ക്ക് ഓൺലൈൻ പ്രകാരം ഒടുക്കേണ്ടതാണ്. ലേലത്തിൽ പങ്കുകൊള്ളുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പ നിരതദ്രവ്യം അടയ്ക്കുമ്പോൾ സൂചിപ്പിച്ചിരിക്കണം. ഓൺലൈൻ ഇടപാടുകളിൽ ചിരപരിചിതരല്ലാത്ത ലേലക്കാരുടെ താൽപ്പര്യാർത്ഥ കുറച്ചുകാലത്തേക്ക് പഴയ രീതിയിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേർക്ക്, നിർദ്ദേശിക്കപ്പെട്ട ദേശസാൽകൃത ബാങ്കി മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി ലേലത്തിന്റെ തലേദിവസം ഉച്ചയ്ക്ക്ശേഷം 2 മണിക്ക് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ ഓഫീസർക്ക് നിരതദ്രവ്യം നേരിട്ട് നൽകാവുന്നതാണ്. നിരതദ്രവ്യം അടയ്ക്കുകയും മുൻകൂർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള ലേലക്കാരനുമാത്രമെ ക്രമപ്രകാരമുള്ള ലോട്ടുകളുടെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

ലേലത്തിൽ പിടിച്ച ഏതെങ്കിലും ലോട്ടുകളുടെ വില നിശ്ചിത സമയപരിധിക്കകം വിജയിയായ ലേലക്കാര അടയ്ക്കാത്തപക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതായിരിക്കും.

(b) ഇ-ലേലത്തിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം തുടർ ലേലങ്ങളിൽ പങ്കെടുക്കാൻ താൽപര്യമില്ലാത്തപക്ഷം ലേല പൂർത്തിയായതിനുശേഷം MSTC മടക്കി നൽകുന്നതായിരിക്കും.

(c) വിജയിച്ച ലേലക്കാരുടെ നിരതദ്രവ്യം, MSTC-അടുത്ത പ്രവൃത്തി ദിവസം തന്നെ സർക്കാർ ട്രഷറിയിൽ ഒടുക്കുന്നതു ലേലത്തിൽ പിടിച്ച തടികൾ/മറ്റ് വനവിഭവങ്ങൾ എന്നിവയുടെ വിലയിലേക്ക് വക ചേർക്കുന്നതിനോ ലേലവ്യവസ്ഥകൾ 14, 15 എന്നിവയിൽ പ്രതിപാദിക്കുംവിധം സർക്കാർ നഷ്ടം വന്നിട്ടുണ്ടെങ്കിൽ അതിലേക വകകൊള്ളിക്കുന്നതിനോ വേണ്ടി പ്രിൻസിപ്പൽ സൂക്ഷിക്കുന്നതുമായിരിക്കും.

9. ലേലത്തിൽ കൂട്ടി വിളിക്കുന്ന തുക സംബന്ധിച്ച്

ലേലത്തിൽ കൂട്ടി വിളിക്കാവുന്ന ഏറ്റവും കുറഞ്ഞ സംഖ്യ താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| (a) | ഈട്ടിക്ക് | — | ക്യു.മീറ്ററിന് ₹ 500 (അഞ്ഞൂറു രൂപ)യോ അതിന്റെ ഗുണിതങ്ങളേ |
| (b) | തേക്കിന് | — | ക്യു.മീറ്ററിന് ₹ 100 (നൂറു രൂപ)യോ അതിന്റെ ഗുണിതങ്ങളോ |
| (c) | മറ്റിനം തടികൾക്ക് | — | ക്യു.മീറ്ററിന് ₹ 25 യോ അതിന്റെ ഗുണിതങ്ങളോ |
| (d) | ഒന്ന്, രണ്ട് എന്നീ ക്ലാസ്സുകളിൽപ്പെട്ട തേക്ക് കഴകൾക്ക് | — | കഴകൾക്ക് ഓരോ എണ്ണത്തിനും ₹ 25 നിരക്കിലോ 25-ന്റെ ഗുണിതങ്ങളോ |
| (e) | മൂന്ന്, നാല് ക്ലാസ്സുകളിൽപ്പെട്ട തേക്ക് കഴകൾക്ക് | — | ഓരോ കഴയ്ക്കും ₹ 5 നിരക്കിലോ 5-ന്റെ ഗുണിതങ്ങളോ |
| (f) | 5-ാം ക്ലാസ്സ് തേക്ക് കഴകൾ, കപ്പുകാൽ | — | ഓരോ കഴയ്ക്കും ₹ 2 നിരക്കിലോ 2-ന്റെ ഗുണിതങ്ങളോ |
| (g) | തേക്ക്, ഈട്ടി എന്നിവയുടെ ബില്ലറ്റ്സ് | — | മെട്രിക് ടണ്ണിന് ₹ 50 നിരക്കിലോ 50-ന്റെ ഗുണിതങ്ങളോ |
| (h) | വിറകിന് | — | മെട്രിക് ടണ്ണിന് ₹ 10 നിരക്കിലോ 10-ന്റെ ഗുണിതങ്ങളോ |
| (i) | മറ്റ് വനവിഭവങ്ങൾക്ക് | — | ₹ 10 നിരക്കിലോ 10-ന്റെ ഗുണിതങ്ങളോ |

മേൽപ്പറഞ്ഞ കുറഞ്ഞ തുകയോ അവയുടെ ഗുണിതമോ മാത്രമേ വിളി വിലയായി സ്വീകരിക്കുകയുള്ളു. ലോട്ടുകളു വലിപ്പം എന്തുതന്നെയായിരുന്നാലും വിളിവില ഓരോ ക്യൂബിക് മീറ്റർ തടിയ്ക്ക് അഥവാ ഒരു കഴയ്ക്ക് അഥവാ ഒരു മെട്രിക് ടട വിറകിന് എന്ന് അളവിൽ ആയിരിക്കും.

10. ലേലം ചെയ്യപ്പെട്ട വസ്തുക്കൾ നീക്കം ചെയ്യാൻ ലേല വ്യവസ്ഥ അനുസരിച്ച് അനുവദിക്കപ്പെടുന്ന സമയപരിധിവ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ഡിപ്പാർട്ട്മെന്റിനായിരിക്കും. എന്നാൽ വില ഒടുക്കിയശേഷം വ്യവസ്ഥ അനുസരി അനുവദിച്ച സമയപരിധി കഴിഞ്ഞുണ്ടാകുന്ന കേടുപാടുകൾക്കോ നാശനഷ്ടങ്ങൾക്കോ ഡിപ്പാർട്ട്മെന്റ് ഉത്തരവാ ആയിരിക്കുന്നതല്ല. പ്രകൃതി പ്രതിഭാസങ്ങൾക്ക് വിധേയമായി ഏറ്റെടുക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരത്തി വ്യതിയാനമുണ്ടാകാവുന്നതാണ്.

11. KVAT, FDT, TCS മറ്റ് നികുതികൾ

വിജയിയായ ലേലക്കാരൻ വാറ്റ്, വനവികാസന **നികുതി (FDT)** മറ്റ് നികുതികൾ പുതിയ, ലേല വസ്തുക്കൾ നീക്കം ചെയ്യുമ്പോൾ നിലവിലുള്ള നിരക്കിൽ, സാമഗ്രി**കൾ നീക്കം** ചെയ്യുന്നതിനു മുൻപായി അടച്ചു തീർക്കേണ്ടതാണ്

12. <u>ലേലം ഉറപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകൽ</u> **: പ്രിൻസിപ്പൽ** നിശ്ചയിച്ച റിസർവ്വ് വിലയെ അടിസ്ഥാനമാക്കി ഏറ്റവും കൂടിയ വിലയ്ക്ക് ലേലം വിളിച്ച വ്യക്തിക്ക് **വിളിച്ച ലേല വില** ഉറപ്പിക്കാവുന്ന നിരക്കിലാണോ, അംഗീകാരവിധേയമായ നിരക്കിലാണോ സ്വീകാര്യമായത് എന്ന**തിനെ അനുസരി**ച്ച് ഇ-ലേലം പൂർത്തിയായ ഉടൻതന്നെ വില്പന അറിയിച്ചുകൊണ്ടുള്ള കത്ത് സ്വയമേവ ഇ-**മെയിൽവഴി ലഭിക്കു**ന്നതായിരിക്കും. ടി കത്തിൽ വില്പന ഉറപ്പിച്ചതാണോ അംഗീകാരവിധേയമാണോ എന്ന് വ്യക്തമാക്കി**യിരിക്കും. യാ**തൊരു കാരണവും പറയാതെ അംഗീകാരവിധേയമായി സ്വീകരിച്ച വിളിവില സ്ഥിരീകരിക്കുവാനോ, **തള്ളിക്കള**യുവാനോ പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കും. സ്ഥിരീകരിക്കൽ/തിരസ്ക്കരിക്കൽ തീരുമാനം **യഥാ**സമയം ഇ-മെയിൽ വഴി ബന്ധപ്പെട്ട ലേലക്കാരനെ അറിയിക്കുന്നതായിരിക്കും. ലേലക്കാർ ഇക്കാരണ**ത്താൽ തങ്ങ**ളുടെ ഇ-മെയിൽ ശ്രദ്ധിക്കേണ്ടതാണ്.

13. <u>ലേല സ്ഥിരീകരണ അറിയിപ്പ് നൽകൽ :</u>

സ്വീകാര്യമായ ലോട്ടുകളുടെ ലേല സ്ഥിരീകരണ **അറിയിപ്പ്** ലോട്ടുകളുടെ ബാക്കി തുക അടയ്ക്കുന്നതിലേക്കായി ഇ-മെയിൽ വഴി വിജയിയായ ലേലക്കാരന് നൽകുന്ന**തായി**രിക്കും.

14. ബാക്കി തുക അടയ്ക്കലും സാമഗ്രികൾ നീക്കം ചെയ്യ**ലും** :

(എ) വിജയിയായ ലേലക്കാരൻ താഴെപറയും പ്രകാരം വില ഒടുക്കേണ്ടതാണ് :

(1) ലേല വിലയുടെ 35% നിരതദ്രവ്യമായി **അടച്ച** തുക കുറച്ചശേഷം ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 (ഏഴ്) പ്രവർത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്.

(2) ബാക്കി തുക പ്രാബല്യത്തിലുള്ള VAT, FDT മറ്റ് നികുതികളടക്കം ലേലസ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 40 ദിവസത്തിനകം അടയ്ക്കേണ്ടതാണ്. ഈ സമയപരിധി വെള്ളമരത്തിന്റെ കാര്യത്തിൽ 15 ദിവസമായിരിക്കും.

(3) തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെയോ, ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ നിശ്ചിത ശാഖയിൽ നിന്നും അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റായോ നിർദ്ദിഷ്ട ഖജനാവിൽ കാശായോ അടയ്ക്കേണ്ടതാണ്.

(4) ബാങ്കുകൾ ഡ്രാഫ്റ്റുകൾ മാറുന്നതിന് എന്തെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ അത് ലേലക്കാരൻ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡ്രാഫ്റ്റ് ബാങ്കിൽ നിന്നും നിരസിക്കപ്പെടുകയാണെങ്കിൽ ആ ഡ്രാഫ്റ്റ് ഹാജരാക്കിയ ആളിനെ വീഴ്ചക്കാരനായി പരിഗണിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(ബി) വിജയിയായ ലേലക്കാരൻ ലേല സ്ഥിരീകരണ അറിയിപ്പിൽ പറയുന്ന തുക, പറഞ്ഞിട്ടുള്ള പിഴയോടുകൂടി തുക അടയ്ക്കേണ്ട ദിവസത്തിനകവും ഒടുക്കാതിരുന്നാൽ അവർ വിജയിച്ച ലോട്ടുകളുടെ ലേലം റദ്ദു ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച എല്ലാ തുകയും ലേലക്കാരന് യാതൊരുവിധ അറിയിപ്പും നൽകാതെ സർക്കാരിലേക്ക് മുതൽകൂട്ടുന്നതും ബന്ധപ്പെട്ട ലോട്ടുകൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതും അങ്ങനെയുള്ള പുനർ ലേലത്തിൽ സംഭവിക്കാവുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. മേൽപ്രകാരമുണ്ടാകുന്ന നഷ്ടം അവരിൽ നിന്ന് 1968-ലെ റവന്യൂ റിക്കവറി നിയമമനുസരിച്ചോ മറ്റ് നിയമ നടപടികൾ സ്വീകരിച്ചോ ഈടാക്കുന്നതായിരിക്കും.

(സി) ബാക്കി വില അടയ്ക്കേണ്ട അവസാനദിവസം ഒരു പൊതു അവധി ദിവസമായി വരുകയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം പിഴ കൂടാതെ തുക അടയ്ക്കാവുന്നതാണ്. ഓരോ ലോട്ടിന്റെയും ബാക്കി വിലയും നികുതികളും തീർത്തടയ്ക്കുന്നപക്ഷം അതാതു ലോട്ടുകൾ മറ്റ് ലേല വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാവുന്നതാണ്. എന്നാൽ ലേല ദിവസമോ അത് കഴിഞ്ഞുള്ള ഏഴ് പ്രവർത്തിദിവസത്തിനകമോ അടച്ച തുക ഏറ്റവും അവസാനം നീക്കം ചെയ്യുന്ന തടിയുടെ വിലയിലേക്കു മാത്രമേ വക കൊള്ളിക്കുകയുള്ളൂ. ഇപ്രകാരം ഇ-ലേല നിബന്ധന പ്രകാരമുള്ള മുഴുവൻ തുകയും അടച്ച് തീർത്തശേഷം മാത്രമേ വിജയിയായ ലേലക്കാരന് മുഴുവൻ ലോട്ടുകളും നീക്കം ചെയ്യാൻ കഴിയുകയുള്ളൂ.

[illegible] പതിനെട്ട് ശതമാനം [illegible] പലിശയോടുകൂടി ബാക്കി തുക അടയ്ക്കുന്ന 1 മാസം (30 ദിവസം) വരെയും ഇരുപത്തിനാല് ശതമാനം (24%) പലിശയും പിഴപ്പലിശയിന്മേൽ രണ്ടര ശതമാനം (2.5%) സർചാർജ്ജും ഈടാക്കിക്കൊണ്ട് അടുത്ത ഒരു മാസം (30 ദിവസം) വരെയു, മുപ്പത്തിആറ് ശതമാനം (36%) പിഴപ്പലിശയും പിഴപ്പലിശയിന്മേൽ അഞ്ച് ശതമാനം (5%) സർചാർജ്ജു ഈടാക്കിക്കൊണ്ട് വീണ്ടും ഒരു മാസം (30 ദിവസം) കൂടിയും ഇങ്ങനെ ആകെ മൂന്ന് മാസം (90 ദിവസം) ഡിപ്പോ ആഫീസർ/റെയിഞ്ച് ആഫീസർക്ക് കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

(ഇ) വെള്ളമരങ്ങളുടെ കാര്യത്തിൽ നിബന്ധന 15(ഡി)-ൽ പറയുന്ന സൗജന്യ കാലാവധി 15 ദിവസമായിരിക്കും. മേൽ 15 ദിവസത്തിനകം തുക ഒടുക്കിയിട്ടില്ലെങ്കിൽ ഇരുപത്തിനാല് ശതമാനം (24%) പലിശയും പലിശയിന്മേൽ രണ്ടര ശതമാനം (2.5%) സർചാർജ്ജും ഈടാക്കി 15 ദിവസത്തെ കാലാവധി കൂടി ഡിപ്പോ ആഫീസർ/റെയിഞ്ച് ആഫീസർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അതിനുശേഷം യാതൊരു കാരണവശാലും കാലാവധി നീട്ടി കൊടുക്കുന്നതല്ല.

(എഫ്) ഇങ്ങനെ ഡി, ഇ ഖണ്ഡികയിൽ പറഞ്ഞ പലിശ കണക്കാക്കുമ്പോൾ ഒരു ദിവസത്തെ താമസമായാലും ഒരു മാസത്തെ പലിശ ഈടാക്കുന്നതായിരിക്കും.

മുകളിൽ പ്രതിപാദിച്ചിട്ടുള്ള നിരക്കുകൾ വ്യക്തതയ്ക്കുവേണ്ടി ചുവടെ സംഗ്രഹിച്ചിരിക്കുന്നു :

| *കാലാവധി* | *പലിശ നിരക്ക്* |
|---|---|
| 35% ഭാഗിക വില സ്ഥിരീകരണ അറിയിപ്പ് പുറപ്പെടുവിച്ചതിന് 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ | 0% |
| ബാക്കി ഭാഗിക വില സ്ഥിരീകരണ അറിയിപ്പ് പുറപ്പെടുവിച്ചതിന് ഘനമരങ്ങളാണെങ്കിൽ 40 ദിവസത്തിനും വെള്ളമരങ്ങളാണെങ്കിൽ 15 ദിവസത്തിനുമകം | 0% |
| ബാക്കി ഭാഗിക വിലയുടെ വൈകിയുള്ള അടവ്-ഘനമരങ്ങൾക്ക് ആദ്യത്തെ ഒരു മാസത്തേക്ക് | 18% |
| ബാക്കി ഭാഗിക വിലയുടെ വൈകിയുള്ള അടവ്-ഘനമരങ്ങൾക്ക് രണ്ടാമത്തെ മാസത്തേക്ക് | 24% പലിശയും അതിന്മേൽ 2.5% സർചാർജ്ജും |
| ബാക്കി ഭാഗിക വിലയുടെ വൈകിയുള്ള അടവ്-ഘനമരങ്ങൾക്ക് മൂന്നാമത്തെ മാസത്തേക്ക് | 36% പലിശയും അതിന്മേൽ 5% സർചാർജ്ജും |
| ബാക്കി ഭാഗിക വിലയുടെ വൈകിയുള്ള അടവ് വെള്ളമരങ്ങൾക്ക് ആദ്യത്തെ 15 ദിവസത്തേക്ക് | 24% പലിശയും അതിന്മേൽ 2.5% സർചാർജ്ജും |

(ജി) MSTC നൽകിയിട്ടുള്ള ഇ-ലേല തിരിച്ചറിയൽ കാർഡോടുകൂടി വരുന്ന വിജയിയായ ലേലക്കാരനോ, അയാളുടെ അധികാരപ്പെടുത്തപ്പെട്ട പ്രതിനിധിക്കോ മാത്രമേ ലേല വസ്തുക്കൾ ഏൽപ്പിച്ചു നൽകുകയുള്ളൂ. വിജയിയായ ലേലക്കാരൻ ഒരു പ്രതിനിധിയെയോ ഏജന്റിനെയോ വസ്തുതകൾ സ്വീകരിക്കാൻ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെങ്കിൽ തന്റെ പ്രതിനിധിയെ അഥവാ ഏജന്റിനെ പ്രിൻസിപ്പളിൽ നിന്നും ലേല വസ്തുക്കൾ ഏറ്റെടുക്കാൻ അധികാരപ്പെടുത്തിക്കൊണ്ടുള്ള യുക്തമായ മുക്ത്യാർനാമമോ നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അധികാരപ്പെടുത്തൽ രേഖയോ ഹാജരാക്കേണ്ടതാണ്.

15. സമയപരിധിക്കുള്ളിൽ വിലയും മറ്റും ഒടുക്കുന്നതിലും സാധനങ്ങൾ നീക്കം ചെയ്യുന്നതിലും വീഴ്ച വരുത്തുന്നവർക്കുള്ള പിഴ :

(എ) ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തീയതി മുതൽ നീട്ടി അനുവദിക്കപ്പെട്ട സമയം ഉൾപ്പെടെയുള്ള തീയതിക്കകം എല്ലാ തുകയും അടച്ചുതീർക്കാത്തപക്ഷം ഒരു നോട്ടീസും നൽകാതെ ടിയാന്റെ ലേലം റദ്ദു ചെയ്യുന്നതും ഭാഗിക വില ഉൾപ്പെടെ അതുവരെ അടവാക്കിയ തുകയെല്ലാം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആണ്. ഇപ്രകാരം റദ്ദ് ചെയ്ത വിഭവങ്ങൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർവിൽപ്പന നടത്തുന്നതുമായിരിക്കും.

(ബി) പുനർവിൽപ്പനയിൽ ആദ്യ ലേല തുകയിൽ നിന്നും കുറവു വരുകയാണെങ്കിൽ ആ വ്യത്യാസവും അതിന്മേലുള്ള നികുതികളും പുനർ വില്പന നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് ഉണ്ടായിട്ടുള്ള ചെലവും റവന്യൂ റിക്കവറി നിയമപ്രകാരമോ മറ്റു നിയമങ്ങൾ പ്രകാരമോ ഈടാക്കുന്നതായിരിക്കും.

[illegible] ...തർക്കമുണ്ടായാൽ ഇക്കാര്യത്തിനായി സർക്കാർ ഉത്തരവുപ്രകാരം കേരള സർക്കാർ നിയമിച്ചിട്ടുള്ള അധികാരി മുഖേന ഇക്കാര്യം തീർപ്പുകൽപ്പിക്കുന്നതായിരിക്കും.

(ഡി) സർക്കാരിലേക്ക് അടയ്ക്കേണ്ടതായ എല്ലാ തുകകളും അടച്ചതിനുശേഷം ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തീയതി മുതൽ **40 ദിവസത്തിനകം** തറവാടക കൂടാതെ വിഭവങ്ങൾ നീക്കം ചെയ്യാവുന്നതാണ്. തുടർന്നുള്ള **നാല് മാസം** വരെ താഴെപ്പറയുന്ന നിരക്കിൽ തറ വാടക ഒടുക്കി വിഭവങ്ങൾ നീക്കാം ചെയ്യാൻ **അനുവദിക്കുന്നതാണ്.**

| | | | |
|---|---|---|---|
| 1. | ഉരുളൻ തടികളും അറുപ്പ് ഉരുപ്പടികളും (വെള്ളമരം ഉൾപ്പെടെ) | — | ആദ്യ മാസം ഒരു ക്യു.മീറ്ററിന് ₹ 100 |
| 2. | ഒന്നാം തരവും രണ്ടാംതരവും തേക്ക് കഴകൾ | — | ആദ്യ മാസം ഒരു കഴക്ക് ₹ 10 |
| 3. | മൂന്നാം തരവും നാലാം തരവും തേക്ക് കഴകൾ | — | ആദ്യ മാസം ഒരു കഴക്ക് ₹ 5 |
| 4. | അഞ്ചാംതരം കഴകൾ, കപ്പുകാൽ എന്നിവയ്ക്ക് | — | ആദ്യ മാസം ഒരു കഴക്ക്/കപ്പുകാലിന് ₹ 3 |
| 5. | തേക്കിന്റെയും ഈട്ടിയുടേയും ബില്ലറ്റ്സ് | — | ആദ്യ മാസം ഒരു ടണ്ണിന് ₹ 100 |
| 6. | വിറക് | — | ആദ്യ മാസം ഒരു ടണ്ണിന് ₹ 50 |
| 7. | മുള | — | ആദ്യ മാസം ഒരെണ്ണത്തിന് ₹ 2 |
| 8. | മറ്റ് വിഭവങ്ങൾ | — | ആദ്യ മാസം അതാത് വിഭവത്തിന്റെ ലേലത്തുകയുടെ ഒരു ശതമാനം (1%) |

രണ്ടാമത്തെ മാസത്തിന് ഒന്നാമത്തെ മാസത്തിന്റെ ഇരട്ടിയും, മൂന്നാമത്തെ മാസത്തിന് ഒന്നാമത്തെ മാസത്തിന്റെ മൂന്നിരട്ടിയും നാലാമത്തെ മാസത്തിന് മൂന്നാമത്തെ മാസത്തിന്റെ നാലിരട്ടിയുമാണ് തറവാടകയുടെ നിരക്ക്. ഒരുമാസത്തിൽ കുറഞ്ഞ കാലയളവ് ഒരു മാസമായി കണക്കാക്കി തറവാടക ഈടാക്കുന്നതാണ്. എന്നാൽ പ്രസ്തുത കാലാവധിക്കുശേഷം യാതൊരു കാരണവശാലും വീഴ്ചക്കാരനെ ലേലസാധനങ്ങൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതല്ല.

(ഇ) മേൽ വിവരിച്ച കാലാവധിക്കുശേഷം ആരെങ്കിലും നീക്കം ചെയ്യാതെ കിടക്കുന്ന ലേലസാധനങ്ങൾ ഇ-ലേല വ്യവസ്ഥയിൽ പുനർവില്പന നടത്തുന്നതും ഡിപ്പാർട്ട്മെന്റിന് പ്രസ്തുത പുനർ വില്പനക്കും മറ്റും ചെലവായതുക തറവാടക എന്നിവ ലേലസാധനങ്ങൾ നീക്കം ചെയ്യാത്ത ലേലക്കാരുടെ ബാദ്ധ്യതയായി പുനർ വില്പന തുകയിൽ നിന്നും ഈടാക്കി ഡിപ്പാർട്ടുമെന്റിലേക്ക് മുതൽകൂട്ടിയശേഷം ബാക്കിയുള്ള തുക ഫോറസ്റ്റ് ഡെപ്പോസിറ്റ് ആയി കണക്കിൽ ചേർക്കുന്നതും സാധനങ്ങൾ നീക്കം ചെയ്യാൻ വീഴ്ചവരുത്തിയ ലേലക്കാരൻ ആവശ്യപ്പെടുന്ന സമയത്ത് തിരികെ കൊടുക്കുന്നതുമാണ്. എന്നാൽ പ്രസ്തുത പുനർ വില്പനയിൽ ഉണ്ടാകുന്ന ലാഭത്തിന്മേൽ ആദ്യലേലക്കാർക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

(16) <u>മറ്റ് വ്യവസ്ഥകൾ</u>

(എ) ഇ-ലേലത്തിലെ പരസ്യപ്പെടുത്തിയ വ്യവസ്ഥകൾ പ്രകാരം വിജയിയായ ലേലക്കാരൻ അടയ്ക്കേണ്ട തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ വീഴ്ചവരുത്തിയ പ്രസ്തുത തുക ഭൂനികുതി കുടിശ്ശികയായി പരിഗണിച്ച് നിലവിലുള്ള നിയമപ്രകാരം ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് യുക്തമെന്നു തോന്നുന്ന മറ്റ് മാർഗ്ഗങ്ങളിൽക്കൂടിയും ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ലേലത്തിൽ വിജയിച്ചയാൾ സർക്കാരിലേക്ക് അടയ്ക്കേണ്ട ഏതെങ്കിലും തുക അടയ്ക്കാൻ വീഴ്ചവരുത്തിയാൽ അയാൾ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും ഡിപ്പോയിൽ നിന്നും വാങ്ങിയതും ബാക്കി വില അടച്ചതുമായ സാധനങ്ങൾ വിട്ടു കൊടുക്കുന്നതല്ല. ഈ നടപടി മൂലം അദ്ദേഹത്തിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയാകുന്നതല്ല.

(സി) ലേല വീഴ്ചവരുത്തിയതിന് കരിമ്പട്ടികയിൽപ്പെടുത്തിയവരെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

(ഡി) അതാത് കാലത്ത് നിലവിൽ വരുന്ന കേരള ഫോറസ്റ്റ് ആക്ടിലെയോ, ചട്ടങ്ങളിലേയോ ഭേദഗതികളും ഇ-ലേല വ്യവസ്ഥകളിലുണ്ടാകുന്ന മാറ്റങ്ങൾ അനുസരിക്കാൻ ലേലക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും.

(ഇ) ലേലവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന കോടതിയിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

(17) പ്രിൻസിപ്പൽ/MSTC-യ്ക്ക് ലേല വിളി അംഗീകരിച്ചതിനും, വില്പന സ്ഥിരീകരണ ഉത്തരവ് പുറപ്പെടുവിച്ച് ലേലക്കാരൻ മുഴുവൻ തുകയും ഒടുക്കിയതിനും ശേഷവും യാതൊരു കാരണവും രേഖപ്പെടുത്താതെ ഏതെങ്കിലും വിളി സ്വീകരിക്കുകയോ, നിരസിക്കുകയോ, റദ്ദുചെയ്യുകയോ, ഏതെങ്കിലും ലോട്ടിന്റെ അളവ് വ്യത്യാസപ്പെടുത്തുകയോ, ഏതെങ്കിലും ലോട്ട് പിൻവലിക്കുകയോ ചെയ്യാവുന്നതും മേൽ വസ്തുക്കളെപ്പറ്റി അടവാക്കിയ തുക തിരികെ നൽകുന്നതുമാണ്. ഇപ്രകാരം ഇ-ലേലത്തിന്റെ ഏതുഘട്ടത്തിൽ ലേലം റദ്ദുചെയ്താലും അതുമൂലം ലേലക്കാരനുണ്ടാകുന്ന നഷ്ടത്തിന് പ്രിൻസിപ്പൽ/MSTC ഉത്തരവാദിയായിരിക്കുന്നതല്ല.

(18) തങ്ങളുടെ നിയന്ത്രണത്തിനു വെളിയിലുള്ള സമരം, അടച്ചുപൂട്ടൽ, പണിക്കാർ ജോലി ഉപേക്ഷിക്കൽ, സമയക്കുറവ്, അമാനുഷിക ഇടപെടൽ, മറ്റു ആകസ്മിക കാരണങ്ങളാൽ **ലേല വസ്തുക്കൾ വിതരണം ചെയ്യാൻ** വീഴ്ച വന്നാൽ അതിന് പ്രിൻസിപ്പളോ/MSTC-യോ **ഉത്തരവാദിയായിരിക്കുന്നതല്ല. അതുമൂലം ഉടമ്പടി** റദ്ദാക്കപ്പെടുവാൻ ഉപഭോക്താവിന് **അവകാശമുണ്ടായിരിക്കുന്നതല്ല. മറിച്ച് വിതരണ കാലാവധി** ആനുപാതികമായി നീളുന്നതാണ്.

(19) ലേല വസ്തുക്കൾ ഏറ്റെടുക്കുമ്പോഴത്തെ പെരുമാറ്റം

പ്രിൻസിപ്പാളിന്റെ ചുറ്റുപാടിൽ വച്ച് ഉപഭോക്താവിന്റെ സഹായകർ, **ഏജന്റ്സ്, ജോലിക്കാർ എന്നിവരുടെ നല്ല** പെരുമാറ്റത്തിന് ഉപഭോക്താവ് തന്നെയായിരിക്കും ഉത്തരവാദി. **സർക്കാർ വസ്തുവകകൾക്ക് എന്തെങ്കിലും** കേടുപാടുകൾ വരുകയാണെങ്കിൽ ആ കേടുപാടുകൾ പ്രിൻസിപ്പൽ **ബോദ്ധ്യപ്പെടുന്നവിധം തീർക്കാൻ** ഉപഭോക്താവ് ഉത്തരവാദിയായിരിക്കുന്നതാണ്. ഇക്കാര്യത്തിൽ **പ്രിൻസിപ്പാളിന്റെ തീരുമാനം അന്തിമവും,** ബാധകവുമാണ്.

(20) ഉപഭോക്താവിന്റെ ജോലിക്കാർക്ക് അപകടം സംഭവിച്ചാൽ

ജോലി സ്ഥലത്തോ, പ്രിൻസിപ്പാളിന്റെ ചുറ്റുപാടുകളിൽ വച്ചോ ഉപഭോക്താവിന്റെ ജോലിക്കാർക്ക് ഉണ്ടാകാവുന്ന അപകടം മൂലമുള്ള ക്ഷതങ്ങൾക്ക് പ്രിൻസിപ്പൽ/MSTC ഒരിക്കലും ഉത്തരവാദിയായിരിക്കുന്നതല്ല. ലേലക്കാരൻ തന്നെ തന്റെ പണിയാളുടെ ചികിത്സയ്ക്കുള്ള തുക ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ജോലിക്കും, പണിക്കാർക്ക് ജോലിക്കിടെയുണ്ടാകുന്ന ക്ഷതങ്ങൾക്കും ഏത് നിയമപ്രകാരമുള്ള അവകാശവാദങ്ങൾക്കും, ഉപഭോക്താവ് ഉത്തരവാദിയായിരിക്കുന്നതാണ്. വിൽപ്പനവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ജോലിക്കാർക്ക് ആവശ്യമായ കൈയുറകൾ, ഉപകരണങ്ങൾ, ഹെൽമറ്റ്, സുരക്ഷാ കണ്ണടകൾ, കാലുറകൾ എന്നീ സുരക്ഷാക്രമീകരണങ്ങൾ ഒരുക്കേണ്ട ഉത്തരവാദിത്വം ഉപഭോക്താവിനുണ്ട്.

(21) തുക അടയ്ക്കാനും, വസ്തുക്കൾ കൊണ്ടുപോകാനുമുള്ള ഇ-ലേല വ്യവസ്ഥകളും, ഉപാധികളും അനുസരിക്കാതെയും, നേരിട്ടോ, ഏജന്റുകൾ, സഹായികൾ, മേൽനോട്ടക്കാർ എന്നിവർ മുഖേനയോ ദുർ നടപടികളിൽ ഏർപ്പെടുന്ന ലേലക്കാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതും പ്രിൻസിപ്പാളിന് യുക്തമെന്നു തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(22) വിലപ്ന സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുകയാണെങ്കിൽ പ്രിൻസിപ്പൽ/MSTC-യുടെ തീരുമാനം ഇ-ലേല കക്ഷികൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. പണം അടയ്ക്കുന്നതിലോ, വസ്തുക്കൾ കൈമാറുന്നതിലോ ഉണ്ടാകുന്ന തർക്കങ്ങൾ, സംശയങ്ങൾ, അഭിപ്രായവ്യത്യാസങ്ങളിൽ ലേലക്കാർ പ്രിൻസിപ്പാളിന്റെ തീരുമാനം അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതാണ്.

(23) ഉപഭോക്താവ് അടവാക്കിയതോ, അയാൾക്ക് തിരികെ ലഭിക്കേണ്ടതോ ആയ തുകയിന്മേൽ പലിശ നൽകുന്നതല്ല.

(24) ഈ ഉപാധികളും, വ്യവസ്ഥകളും നിയമപരമായി ലഭ്യമായ പരിഹാരങ്ങൾക്ക് പുറമേയാണ്.

(25) ലേല വസ്തുക്കൾ പ്രിൻസിപ്പാളിന്റെയോ MSTC-യുടെയോ ഉദ്യോഗസ്ഥർക്ക് വിൽക്കുകയോ, പങ്കുവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(ഒപ്പ്)

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,

(സംരക്ഷണം).

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

വാല്യം 4 Vol. IV | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2015 ഫെബ്രുവരി 24 24th February 2015 | 1190 കുംഭം 12 12th Kumbham 1190 | 1936 ഫാൽഗുനം 5 5th Phalguna 1936 | നമ്പർ No. 8

## PART III

# Forest Department

OFFICE OF THE ADDITIONAL PRINCIPAL CHIEF CONSERVATOR OF FORESTS (VIGILANCE) THIRUVANANTHAPURAM

NOTIFICATION

No. Pro. (4)-29243/2013. *3rd February 2015.*

The following amendment is carried out in the Special Terms and Conditions of e-auction of timber and produce in Kerala Forest Department and Buyer Specific Terms and Conditions, which was published in Kerala Gazette Vol. III, Part III, No. 43 dated 4th November 2014 respectively.

(1) After para 8.1 of Buyer Specific Terms and Conditions the following clause is added

"8.2. In case of one time buyers of poles the limit of $5m^3$ will be observed following below mentioned conversion a

| | | |
|---|---|---|
| I Class | $0.236\ m^3$ | 4.24 Nos. |
| II Class | $0.118\ m^3$ | 8.47 Nos. |
| III Class | $0.071\ m^3$ | 14.08 Nos. |
| IV Class | $0.031\ m^3$ | 32.25 Nos. |
| V Class | $0.014\ m^3$ | 71.42 Nos". |

...ara 8 (a) of Special Terms and Conditions, a new clause "D" is added as mentioned hereunder.

...poles, Firewood, Billets in dumping depots—Rs. 20,000".

(Sd.)
*Additional Principal*
*Chief Conservator of Forests*
*(Vigilance).*

...rest).

## സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തിരുവനന്തപുരം

### ദർഘാസ് പരസ്യം

നമ്പർ എസ്.എഫ്.എ1-2881/2014. 2015 ഫെബ്രുവരി 3.

തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ വരുന്ന ആറ്റിങ്ങൽ റെയിഞ്ച് ഓഫീസ് മോഡേണൈസേഷൻ പ്രവൃത്തി ചെയ്യുന്നതിന് താഴെ പറയും പ്രകാരം ദർഘാസുകൾ അംഗീകൃത കരാറുകാരിൽ നിന്നും മുദ്രവച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത കവറിന്റെ പുറത്ത് ഓഫീസ് മോഡേണൈസേഷൻ പ്രവൃത്തി ചെയ്യുന്നതിനുള്ള ദർഘാസ് എന്ന് എഴുതി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സാമൂഹ്യ വനവൽക്കരണ വിഭാഗം, രാജീവ് ഗാന്ധി നഗർ, വട്ടിയൂർക്കാവ് പി. ഒ., തിരുവനന്തപുരം-13 എന്ന മേൽവിലാസത്തിൽ നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതാണ്.

ഓഫീസ് മോഡേണൈസേഷൻ പ്രവൃത്തി—ഓഫീസ് പാർട്ടീഷൻ വർക്ക് 247 Sq. ft. സെക്ഷൻ ടേബിൾ—1 എണ്ണം, എക്സിക്യൂട്ടീവ് ടേബിൾ—1 എണ്ണം, ഫയൽ റാക്ക്—1 എണ്ണം, എക്സിക്യൂട്ടീവ് ചെയർ—4 എണ്ണം, വിസിറ്റേഴ്സ് ചെയർ—3 എണ്ണം.

അടങ്കൽ തുക (ഉദ്ദേശം)—₹ 2,50,000.

നിരതദ്രവ്യം—₹ 6,250.

ദർഘാസ് ഫോറത്തിന്റെ വില :

ഒറിജിനൽ—₹ 1,000 + വാറ്റ്.

ഡ്യൂപ്ലിക്കേറ്റ്—₹ 500 + വാറ്റ്.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—4-3-2015, 1 മണിവരെ.

ദർഘാസ് സ്വീകരിക്കുന്ന തീയതിയും സമയവും—4-3-2015, 3 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—4-3-2015, 3.30 മണി.

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകളിൽ ആവശ്യാനുസരണം വ്യത്യാസം ഉണ്ടാകാവുന്നതാണ്.

ദർഘാസ് ഫോറങ്ങൾ 4-3-2015-ന് പകൽ ഒരു മണിവരെ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്.

പൂരിപ്പിച്ച ദർഘാസ് ഫോറങ്ങൾ അന്നേദിവസം പകൽ 3 മണിവരെ സ്വീകരിക്കുന്നതും 3.30 മണിക്ക് സ്ഥലത്ത് ഹാജരായിട്ടുള്ള ദർഘാസുകാരുടെ കൂടി സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്.

പ്രസ്തുത ദിവസം പൊതു ഒഴിവ് ദിവസമായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും ഫോറങ്ങൾ യഥാക്രമം ലഭ്യമാക്കുന്നതും സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതുമാണ്.

### വ്യവസ്ഥകൾ

1. ഓഫീസ് മോഡേണൈസേഷൻ പ്രവൃത്തികൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഗുണമേന്മയുള്ള മെറ്റീരിയൽസ് കരാർപ്രകാരം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ വരുന്ന ആറ്റിങ്ങൽ റെയിഞ്ചാഫീസിൽ ദർഘാസുകാരൻ സ്ഥാപിക്കേണ്ടതാണ്.
2. കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കരാർപ്രകാരമുള്ള വർക്കുകൾ പൂർത്തീകരിക്കേണ്ടതുമാണ്.
3. മേൽപ്പറഞ്ഞ ദിവസങ്ങൾക്കുള്ളിൽ കരാറുകാരന് ഈ വർക്കുകൾ പൂർത്തിയാക്കുവാൻ സാധിക്കാത്തപക്ഷം ടി ദർഘാസ് റദ്ദാക്കിയതായി കണക്കാക്കുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി വർക്കുകൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
4. നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരുവനന്തപുരം ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരിൽ പ്ലഡ്ജ് ചെയ്ത് ദർഘാസിനൊപ്പം ഹാജരാക്കേണ്ടതാണ്.
5. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അളവ് ഏകദേശം മാത്രമാണ്.
6. ഓഫീസ് പാർട്ടീഷന് Sq. ft. അടിസ്ഥാനത്തിലും സെക്ഷൻ ടേബിൾ സ്റ്റോറേജ് റാക്ക്, ഫയൽ റാക്ക് എന്നിവയ്ക്ക് ഷെഡ്യൂൾ പ്രകാരമുള്ള അളവുകൾ അനുസരിച്ച് എണ്ണം അടിസ്ഥാനത്തിലും നികുതികൾ ചേർന്നുള്ള നിരക്കും തുകയും ആയിരിക്കണം ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.
7. അംഗീകരിക്കപ്പെടുന്ന ദർഘാസുകാരൻ അടങ്കൽ തുകയുടെ 5% തുക സെക്യൂരിറ്റി വച്ച് ദർഘാസ് അംഗീകരിക്കുന്നതായി അറിയിക്കുന്ന തീയതി മുതൽ ഏഴ് (7) ദിവസത്തിനകം കരാറിലേർപ്പെടേണ്ടതാണ്.
8. കരാർ പ്രകാരമുള്ള സപ്ലൈ നിശ്ചിത ദിവസത്തിനകം തൃപ്തികരമായി പൂർത്തിയാക്കി കഴിഞ്ഞാൽ സെക്യൂരിറ്റി വിടുതൽ ചെയ്യുന്നതിന് ആവശ്യമായ ടാക്സ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കി സെക്യൂരിറ്റി മടക്കി വാങ്ങേണ്ടതാണ്.
9. കരാർ പ്രകാരമുള്ള പ്രവൃത്തികളുടെ അവസാന ബില്ല് ടി പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനയ്ക്ക് വിധേയമായിരിക്കും. 25% തുക ഓരോ ബില്ലിലും റിട്ടൻഷനായി പിടിക്കുന്നതും ആയത് മേൽ പരിശോധന അടിസ്ഥാനമാക്കി റിലീസ് ചെയ്യുന്നതുമാണ്.
10. സ്റ്റോർ പർച്ചേഴ്സ് സംബന്ധിച്ച് കേരള ഗവർണ്ണർക്കു വേണ്ടി സ്റ്റോർ പർച്ചേഴ്സ് മാനുവലിലും പറയുന്ന വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമാണ്.
11. കേരള ഫോറസ്റ്റ് കോഡിലും കേരള ഗവർണ്ണർക്കു വേണ്ടി സ്റ്റോർ പർച്ചേഴ്സ് മാനുവലിലും പറയുന്ന വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനാഫീസിൽ നിന്നും നേരിട്ടോ, 0471 2360462 എന്ന ഫോൺ നമ്പരിൽ നിന്നുമോ ലഭിക്കുന്നതാണ്.

No. SFA1-2881/2014. *3rd February 2015.*

Sealed tenders are invited from approved tenderers for the Modernization works in Social Forestry Range Office, Attingal as per given below. The envelopes for tender shall be superscribed about name of tender for the work and submitted to Deputy Conservator of Forests, Social Forestry Division, Rajeev Gandhi Nagar, Vattiyoorkavu P. O., Thiruvananthapuram-13.

Specifications—Office partition 247 Sq. ft. (approximately), supply and fixing of Section Table—1 No., Executive Chair—4 Nos., File Rack—1 No., Visitors Chair—3 Nos., Executive Table—1 No. (approximately).

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2015 ആഗസ്റ്റ് 25<br>25th August 2015<br>1191 ചിങ്ങം 9<br>9th Chingam 1191<br>1937 ഭാദ്രം 3<br>3rd Bhadra 1937 | നമ്പർ<br>No. 34 |

## PART III

# Forest Department

### OFFICE OF THE ADDITIONAL PRINCIPAL CHIEF CONSERVATOR OF FORESTS (PROTECTION), THIRUVANANTHAPURAM

NOTIFICATION

No. Pro(4)-26243/2013. *1st August 2015.*

